# വചനദൂത്

Vol. VIII Issue : 54



ഡീ. സിനോജ് ഇരട്ടക്കാലായിൽ




ക്രിസ്തു മരിച്ചുവരുടെയിടയിൽനിന്ന് ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളാണിവ തിരുനാളുകളുടെ തിരുനാളും, ഏതൊരു ക്രൈസ്തവന്റെയും വിശ്വാസത്തിന്റെ കേന്ദ്രവുമായ ഈശോയുടെ ഉയിർപ്പിന്റെ തിരുനാൾ ഇതാ ജീവിതത്തിൽ ഒരിക്കൽക്കൂടി ആഗതമായിരിക്കുന്നു. ഏവർക്കും തിരുനാളിന്റെ നല്ല മംഗളങ്ങൾ നേരുന്നു.

രണ്ടായിരാമാണ്ടിൽ റോമൻ കുരിയായിലെ വാർഷികധ്യാനത്തിന് വി.ജോൺപോൾ രണ്ടാമൻ മാർപാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻത്വാൻ എന്ന മെത്രാനെയായിരുന്നു. നീണ്ട 13 വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ ദൈവത്തിൽ വിശ്വസിച്ചു എന്ന ഒറ്റക്കാരണത്താൽ ഏകാന്ത തടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്നു വാൻത്വാൻ. കാപ്പി കുടിക്കുന്നതിനിടയിൽ കുശലാന്വേഷണമായി പരിശുദ്ധ പിതാവ് വാൻ ത്വാൻ മെത്രാനോട് ചോദിച്ചു. "താങ്കൾ എന്തിനെക്കുറിച്ചാണ് ഇന്ന് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്?

വാൻത്വാൻ തന്റെ ഇരു കരങ്ങളും പിതാവിനു മുൻപിൽ തുറന്ന് പിടിച്ചിട്ട് പറഞ്ഞു. പിതാവേ, കഴിഞ്ഞ പതിമൂന്ന് വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന് കീഴിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടപ്പോൾ രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ ആരും കാണാതെ വലതു കൈയ്യിൽ മൂന്നു തുള്ളി വീഞ്ഞും അതിൽ ഒരു തുള്ളി വെള്ളവുമൊഴിച്ച് ഇടതുകൈയ്യിൽ കിട്ടിയ അപ്പത്തിന്റെ ഏതാനും പൊടിക്കഷണങ്ങളുമിട്ട് ഞാൻ വി.ബലിയർപ്പിച്ചു. അപ്പോഴൊക്കെ വി. ബലിയിൽ എഴുന്നള്ളി വന്നിരുന്ന കർത്താവിനോട് ഞാൻ ഒന്നു മാത്രമാണ് പ്രാർത്ഥിച്ചത്. എന്റെ വിശ്വാസത്തെ കാത്തുസൂക്ഷിക്കാനുള്ള വരം തരണമേയെന്ന് മാത്രം". ചുറ്റം പടരുന്ന ഇരുട്ടിലും എന്റെ കൈകളിൽ എഴുന്നള്ളിവന്ന് ക്രൂശിതനായ ഈശോ പ്രത്യാശയെക്കുറിച്ച് എന്നോട് സംസാരിക്കുമായിരുന്നു. ഈ പ്രത്യാശയിലാണ് പിന്നീട് ഞാൻ പുറംലോകം കണ്ടതും ഇവിടെ അങ്ങയുടെ മുൻപിൽ നിൽക്കുന്നതും. ക്രൂശിതൻ എന്നെ പഠിപ്പിച്ച ഈ പ്രത്യാശയെക്കുറിച്ചാണ് ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്.

ഭോഷത്വത്തിന്റെയും പരിഹാസത്തിന്റെയും അടയാളമായിരുന്ന കുരിശിനെ രക്ഷയുടെ അടയാളമാക്കി കുരിശിൽ മരിച്ചവൻ ഈ ഉത്ഥാനത്തിൻ നാളിൽ നമ്മോട് വാചാലാകുന്നത് പ്രത്യാശയെക്കുറിച്ചാണ്.

അതെ, പ്രിയമുള്ളവരേ ഈസ്റ്റർ നമുക്ക് പ്രത്യാശയുടെ ആഘോഷമാണ്.

ആർഷഭാരത സംസ്കാരത്തിലെ ഏറ്റവും വലിയ പ്രാർത്ഥനകളിൽ ഒന്നായ, മനുഷ്യവംശത്തോളം തന്നെ പഴക്കമുള്ള "മൃത്യോാമ അമൃതം ഗമയാ" – മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്ക് നയിക്കണമേയെന്ന പ്രാർത്ഥനയ്ക്ക് ദൈവം നൽകുന്ന ഉത്തരമാണ് ഈ ഉയിർപ്പു തിരുനാൾ.

ഇന്നലെയും ഇന്നും എന്നും മനുഷ്യനെ അലട്ടുന്ന വലിയ ചോദ്യങ്ങളിൽ ഒന്നാണ് "മരണത്തിനപ്പുറം എന്താണ്" എന്നുള്ളത്. ഇന്നു മുതൽ നമുക്കിടയിലും നമ്മുടെ ജീവിതത്തിലും ആ ചോദ്യത്തിന് ഇനി പ്രസക്തിയില്ല. കാരണം "ഞാനാകുന്നു പുനരുത്ഥാനവും ജീവനുമെന്ന് പഠിപ്പിച്ചവൻ അത് നമുക്ക്

കാണിച്ച് തന്നിരിക്കുന്നു. മരണത്തിന് ശേഷമുള്ള ഉത്ഥാനത്തിലൂടെ നാളെ നിങ്ങൾക്കും എനിക്കും മരണത്തിനപ്പുറമുള്ള ഉത്ഥാനമെന്ന ദൈവീക സത്യത്തിന്റ വെളിപ്പെടുത്തലിലൂടെ.

ഇത് കേവലം ഭൗതീകമായ പ്രത്യാശയല്ല, മറിച്ച് അഭൗമികതയിലുള്ള ഈ ലോകത്തിനപ്പുറത്തേക്കും എത്തി നിൽക്കുന്ന ഒരു പ്രത്യാശയാണ്. മരണത്തോടെ മനുഷ്യന്റെ ജീവിതം അവസാനിക്കുമെന്നും അതിനാൽ ഈ ലോക കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കാമെന്നും നയിക്കണമെന്നും പഠിപ്പിക്കുന്ന, വിശ്വാസ ജീവിതത്തിനും സഭാസംവിധാനങ്ങൾക്കും അർത്ഥമില്ലെന്ന് പ്രഘോഷിക്കുന്ന വ്യക്തികളിൽനിന്നും, മനോഭാവങ്ങളിൽനിന്നും പ്രത്യയശാസ്ത്രങ്ങളിലുംനിന്നുമൊക്കെ മാറി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന.... നമ്മെ പ്രേരിപ്പിക്കേണ്ട ഒരു പ്രത്യാശയാണിത്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന ആശംസ "ഭയപ്പെടേണ്ട, നിങ്ങൾക്ക് സമാധാനം". ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ് ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നവരും അവനിൽ വിശ്വസിക്കുന്നവരും ഇനിമേൽ ഭയപ്പെടേണ്ട. കാരണം ജീവിതവഴികളിൽ നിനക്ക് കരുത്തുപകരുവാൻ, നിന്നെ വഴിനടത്തുവാൻ, നിന്റെ പാദങ്ങൾക്ക് വിളക്കും, പാതയിൽ വെളിച്ചവുമായി അവിടുന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

മഗ്ദലന മറിയത്തോട് ക്രിസ്തു ചോദിക്കുന്ന ചോദ്യമുണ്ട് "സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്?".

ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ആരെങ്കിലും ഇന്ന് കരയുന്നുണ്ടെങ്കിൽ, അത് അവരുടെ മാതാപിതാക്കളെക്കുറിച്ചോർത്തോ, മക്കളെക്കുറിച്ചോർത്തോ, ജീവിത പങ്കാളിയെക്കുറിച്ചോർത്തോ, കൂടെപ്പിറപ്പുകളെക്കുറിച്ചോ, ഏറ്റെടുത്ത ജീവിതാവസ്ഥയെക്കുറിച്ചോർത്തോ, വിവിധങ്ങളായ ജീവിതസാഹചര്യങ്ങളെക്കുറിച്ചോ, എന്തിനെപ്പറ്റിയോ ആയിക്കൊള്ളട്ടെ. ക്രിസ്തു ഇന്ന് അവരോട് ചോദിക്കുന്ന ചോദ്യം ഇതു തന്നെയാണ്. "എന്തിനാണ് നീ പ്രത്യാശയില്ലാത്തവരെപ്പോലെ കരയുന്നത്? നിന്റെ വേദനകൾക്കും പ്രതിസന്ധികൾക്കും ഉത്തരം നൽകാൻ, ഒരു പരിഹാരം കാണാൻ മരണത്തെപ്പോലും തോല്പിച്ച് ഉത്ഥാനത്തിന്റെ വിജകിരീടം ചൂടി നിൽക്കുന്ന ക്രിസ്തുവാണ് നിന്റെ രക്ഷകൻ.

അതുകൊണ്ട് കണ്ണുനീരിന്റെ ദുഃഖവെള്ളിയാഴ്ചകളിൽ പ്രത്യാശ കൈവിടാതെ "ഭയപ്പെടേണ്ട നിങ്ങൾക്കു സമാധാനം" എന്ന് പറയുന്നവനിൽ അഭയം പ്രാപിക്കാൻ നമുക്ക് സാധിച്ചാൽ ഈസ്റ്ററിന്റെ സന്തോഷവും സമാധാനവും നമ്മെ വ്യക്തിപരമായി ത്തന്നെ തേടിവരും.

ജീവിതത്തിലെ കടലുകൾക്കപ്പുറം ഒരു കരയുണ്ടെന്നും ഇരുണ്ട രാവുകൾപ്പുറം പുലരിയുടെ പൊൻവെളിച്ചമുണ്ടെന്നും മരണത്തിനപ്പുറം ഉത്ഥാനത്തിന്റെ നിത്യജീവനുണ്ടെന്നും അത് നമ്മെ പഠിപ്പിക്കും. പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും വേദനകൾക്കും ആകുലതകൾക്കുമിടയിലും സന്തോഷത്തോടെ, പ്രത്യാശയോടെ മുൻപോട്ടു പോകുവാൻ അത് നമ്മെ ശക്തിപ്പെടുത്തും. അതുകൊണ്ട് നിങ്ങൾക്കും എനിക്കും നമുക്കെല്ലാവർക്കും മുൻപോട്ട് പോകാനുള്ള ഒരു കാരണമാണ് മരണത്തെ തോല്പിച്ച് ഉത്ഥാനം ചെയ്ത് വി. കുർബ്ബാനയായി നമുക്കൊപ്പം വസിക്കുന്ന ഈശോ.

2003-ലെ ഗുജറാത്ത് ഭൂകമ്പത്തിൽ തകർന്നു വീണ ആയിരക്കണക്കിന് കെട്ടിടങ്ങൾക്കൊപ്പം ഒരു സ്കൂൾ കെട്ടിടവുമുണ്ടായിരുന്നു. തകർന്നു കിടകക്കുന്ന സ്കൂളിനെ ലക്ഷ്യമാക്കി ഒരു പിതാവ് അലമുറയിട്ടുകൊണ്ട് ഓടിയെത്തുകയാണ്. രക്ഷാപ്രവർത്തകരുടെ നിയന്ത്രണമൊന്നും വകവയ്ക്കാതെ അയാൾ തന്റെ കുഞ്ഞ് പഠിച്ചിരുന്ന ക്ലാസ മുറിയുടെ അടുത്തെത്തി ഒരു മൺവെട്ടികൊണ്ട് മണ്ണ് വെട്ടിമാറ്റാൻ തുടങ്ങി. കെട്ടിടത്തിന്റെ ശേഷിച്ച ഭാഗം കൂടി എപ്പോൾ വേണമെങ്കിലും നിലംപതിക്കാം എന്നുള്ളതുകൊണ്ട് ആരും അയാളുടെ സഹായത്തിനെത്തിയില്ല. ഏകദേശം 36 മണിക്കൂറുകൾ കടന്നുപോയി. പെട്ടെന്നാണ് അയാൾ 'അപ്പാ' എന്നൊരു സ്വരം കേട്ടത്. അത് തന്റെ കുഞ്ഞിന്റെ ശബ്ദമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. ജീവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് മറ്റുള്ളവരും അപ്പോൾ അദ്ദേഹത്തിന്റെ സഹായത്തിനെത്തി. ഒടുവിൽ കെട്ടിടം തകർന്ന സമയത്ത് എങ്ങനെയോ രൂപംകൊണ്ട ത്രികോൺ പോലുള്ള സുരക്ഷിതമായൊരിടത്ത് തന്റെ മകനും മറ്റു രണ്ടു കുട്ടികളും സുരക്ഷിതരായിരിക്കുന്നത് അയാൾ കണ്ടു. ഈ നീണ്ട 36 മണിക്കൂറുകൾ എങ്ങനെ അവിടെ കഴിഞ്ഞുകൂടി എന്ന് അത്ഭുതത്തോടെ ചോദിച്ചവരോട് ആ കുഞ്ഞ് പറഞ്ഞു. "ഞാൻ കൂട്ടുകാരോട് പറഞ്ഞു, എന്റെ അപ്പൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നമ്മളെ രക്ഷിക്കാൻ വന്നിരിക്കുമെന്ന്". ഞങ്ങൾ അതുകൊണ്ട് അപ്പനെ കാത്തിരിക്കുകയായിരുന്നു.

ജീവിതവിഷമങ്ങളുടെ വെളിച്ചം കടക്കാത്ത ഭൂവറകളിൽ പെട്ടുപോയതായിരിക്കാം നമ്മുടെ ജീവിതങ്ങൾ. പക്ഷെ നമുക്ക് ശാന്തരാകാം. എന്തെന്നാൽ നമ്മുടെ അപ്പൻ ജീവിച്ചിരിപ്പുണ്ട്. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. പ്രതീക്ഷയോടെ, വിശ്വാസത്തോടെ കാത്തിരുന്നാൽ ജീവതവഴികളിൽ വെളിച്ചം വിതറി അവിടുന്ന് നമ്മെ തേടിവരും തീർച്ച.

